>> ലേഖനം

● ടി.കെ യൂസുഫ്



# ഇൻഷുറൻസും ഇസ്‌ലാമിക നിയമങ്ങളും

**ഇൻഷുറൻസ്** അനുവദനീയമാണോ എന്ന കാര്യത്തിൽ പണ്ഡിതന്മാർ അനവധി ചർച്ചകളും സംവാദങ്ങളും നടത്തിയിട്ടുണ്ട്. മുസ്‌ലിം പണ്ഡിതർക്ക് ഈ വിഷയത്തിൽ മൂന്നു കാഴ്ചപ്പാടുകളാണ് പ്രധാനമായും ഉള്ളത്. ചിലർ എല്ലാതരം ഇൻഷുറൻസുകളേയും നിഷിദ്ധമായി കാണുന്നു. മറ്റുചിലർ എല്ലാ ഇൻഷുറൻസുകൾ അനുവദനീയമാണെന്ന് വാദിക്കുന്നു. മൂന്നാമത്തെ വിഭാഗം ഇൻഷുറൻസിലെ ചില ഇനങ്ങൾ മാത്രം സ്വീകരിക്കുകയും വേറെ ചിലത് നിഷിദ്ധമായി കാണുകയും ചെയ്യുന്നു. ഇൻഷുറൻസിന്റെ ഇനങ്ങളും അവയുടെ രൂപവും വിശകലനം ചെയ്യുന്നതിനു മുമ്പ് പണമിടപാടുമായി ബന്ധപ്പെട്ട ഇസ്‌ലാമിക നിയമങ്ങളിലേക്ക് ഒരെത്തിനോട്ടം അനിവാര്യമാണ്.

സാമ്പത്തിക വിനിമയ രംഗത്ത് ഇസ്‌ലാം കണിശമായ മാർഗനിർദേശങ്ങളാണ് നൽകുന്നത്. അന്യായമായ യാതൊന്നും അത് അനുവദിക്കുന്നില്ല. ഖുർആൻ പറയുന്നു: 'സത്യവിശ്വാസികളേ, നിങ്ങൾ പരസ്പരം സംതൃപ്തിയോടുകൂടി നടത്തുന്ന കച്ചവട ഇടപാടു മുഖേനയല്ലാതെ നിങ്ങളുടെ സ്വത്തുക്കൾ അന്യായമായി നിങ്ങളന്യോന്യം എടുത്തു തിന്നരുത്'(4: 29). ഇസ്‌ലാം കച്ചവടം അനുവദിക്കുകയും പലിശ നിരോധിക്കുകയും ചെയ്യുന്നു. പലിശ തിന്നുന്നവർ പിശാചുബാധ നിമിത്തം മറിഞ്ഞുവീഴുന്നവർ എഴുന്നേൽക്കുന്നതു പോലെയല്ലാതെ എഴുന്നേൽക്കുകയില്ല. കച്ചവടവും പലിശ പോലെത്തന്നെ എന്നുവാദിച്ചതുകൊണ്ടത്രെ അത്. എന്നാൽ കച്ചവടം അല്ലാഹു അനുവദിക്കുകയും പലിശ നിഷിദ്ധമാക്കുകയുമാണ് ചെയ്തിട്ടുള്ളത്'(2:275). പലിശയിനത്തിൽ കിട്ടാനുള്ളത് ഒഴിവാക്കാത്തവരോട് യുദ്ധ പ്രഖ്യാപനവും ഖുർആൻ നടത്തുന്നുണ്ട്. 'സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും പലിശ വകയിൽ ബാക്കികിട്ടാനുള്ളത് വിട്ടുകളയുകയും ചെയ്യേണ്ടതാണ്. നിങ്ങൾ അങ്ങനെചെയ്യുന്നില്ലെങ്കിൽ അല്ലാഹുവിന്റെയും റസൂലിന്റെയും പക്ഷത്തുനിന്ന് നിങ്ങൾക്കെതിരിലുള്ള സമര പ്രഖ്യാപനത്തെപ്പറ്റി അറിഞ്ഞു കൊള്ളുക'(2: 278,279). പലിശ കർശനമായി വിലക്കുന്ന വേറെയും സൂക്തങ്ങൾ ഖുർആനിൽ കാണാം.

പലിശയുടെ കാര്യത്തിൽ ഇസ്‌ലാം യാതൊരു വിട്ടുവീഴ്ചയും അനുവദിക്കുന്നില്ല. വിലക്കപ്പെട്ട ഭക്ഷണ സാധനങ്ങൾ സന്ദിഗ്ധ ഘട്ടങ്ങളിൽ അനുവദനീയമാകാറുണ്ട്. എന്നാൽ പലിശയുടെ കാര്യത്തിൽ അങ്ങനെയല്ല. പലിശ തിന്നുന്നത് മാത്രമല്ല, പലിശയുടെ അംശം വന്നു ചേരാനിടയുള്ള വിൽപനകളും ക്രയവിക്രയങ്ങളും ഇസ്‌ലാം നിരോധിച്ചു. സഹ്‌ലുബ്നു അബൂ ഹഥ്മയിൽ നിന്നു നിവേദനം: 'പഴുത്ത ഈത്തപ്പഴം ഉണങ്ങിയ കാരക്കക്കു പകരം വിൽക്കുന്നത് നബി(സ) വിരോധിച്ചിട്ടുണ്ട്. അവിടുന്ന് പറഞ്ഞു: അത് പലിശയാണ്'(മുസ്‌ലിം). മറ്റൊരു ഹദീസ്: 'നിങ്ങൾ സ്വർണത്തിനു പകരം സ്വർണവും വെള്ളിക്കു പകരം വെളളിയും വിൽക്കരുത്, തൂക്കത്തിനു തൂക്കമായിട്ടും തുല്യത്തിനു തുല്യമായിട്ടും സമത്തിന് സമമായിട്ടുമല്ലാതെ'(മുസ്‌ലിം).

## ഇൻഷുറൻസ് ഇനങ്ങൾ

ഇൻഷുറൻസ് പല ഇനങ്ങളുണ്ടെങ്കിലും അവയെ പ്രധാനമായും മൂന്നായി തിരിക്കാം. ഒന്ന്, ലൈഫ് ഇൻഷുറൻസ്. ഈ രംഗത്ത് മാത്രം ശ്രദ്ധയൂന്നിയ വൻ കമ്പനികളും അതിലേക്ക് ആളുകളെ വല വീശിപ്പിടിക്കാൻ ഏജന്റുകളും നമ്മുടെ നാട്ടിലുണ്ട്. മറ്റൊന്ന് വാഹനങ്ങളുടെ ഇൻഷുറൻസാണ്. വാഹനം വാങ്ങുന്നവനെ സംബന്ധിച്ചേടത്തോളം അത് ഇൻഷൂർ ചെയ്തെങ്കിൽ മാത്രമേ അതിന്റെ നടപടികൾ പൂർത്തിയാവുകയുള്ളൂ. മറ്റൊന്ന്, കടകൾ, ഫാക്ടറികൾ തുടങ്ങിയ വൻ സാമ്പത്തിക സംരംഭങ്ങളുടെ ഇൻഷുറൻസാണ്. സർക്കാർ ഉദ്യോഗസ്ഥർക്ക് ഗ്രൂപ്പ് ഇൻഷുറൻസ് പോലെ ഒഴിഞ്ഞു നിൽക്കാനാവാത്ത വെറെ ചില ഇൻഷുറൻസുകളുമുണ്ട്. ഇൻഷുറൻസ് പ്രവാചകന്റെ കാലത്ത് ഉണ്ടായിരുന്നിട്ടില്ലാത്ത ഒരു സമകാലിക പ്രശ്നമാണ്. അതു കൊണ്ടു തന്നെ ആധുനിക പണ്ഡിതന്മാർ ഇക്കാര്യത്തിൽ പഠനം നടത്തുകയും അവയിൽ ഏതെല്ലാം ഇനങ്ങളാണ് അനുവദനീയമാവുക എന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്.

മത പണ്ഡിതന്മാർ പലകാരണങ്ങളാൽ ലൈഫ് ഇൻഷുറൻസ് നിഷിദ്ധമായി കാണുന്നു. നിഷിദ്ധമാകാനുള്ള പ്രധാന കാരണം, ഇൻഷുറൻസ് കമ്പനികൾ അവരെ ഏൽപിക്കുന്ന പണം പലിശയിനത്തിൽ വരുമാനം കിട്ടുന്ന പദ്ധതികളിലാണ് നിക്ഷേപിക്കുന്നത് എന്നതാണ്. ഇൻഷൂർ ചെയ്യുന്നതിലൂടെ ഒരാൾ തന്റെ ഭാവി അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നതിനുപകരം ഏതാനും ലക്ഷങ്ങൾ

വാഗ്ദാനം ചെയ്യുന്ന കമ്പനികൾക്ക് അടിയറവെക്കുന്നു. ഒരു വ്യക്തി ഒരു നിശ്ചിത തുകക്ക് തന്റെ ജീവൻ ഇൻഷുർ ചെയ്തു കഴിഞ്ഞാൽ അതിൽ എത്ര അടവുകളാണ് അവന് പൂർത്തിയാക്കാൻ കഴിയുക എന്നറിയുകയില്ല. പോളിസി അടച്ചു തീരുന്നതിന് മുമ്പ് മരണപ്പെട്ടാൽ കിട്ടുന്ന അധിക തുക പലിശയിനത്തിൽ ലഭിക്കുന്നതാണ്. അതാകട്ടെ ചൂതാട്ടത്തിനോ ലോട്ടറിക്കോ സമാനവുമാണ്. ഭാഗ്യപരീക്ഷണം നടത്തുന്നതും സുനിശ്ചിതമല്ലാത്തതും സർവോപരി പലിശയിൽ നിന്ന് മുക്തമല്ലാത്തതുമായ ഇൻഷുറൻസ് ഇസ്‌ലാമിക സാമ്പത്തിക നിയമങ്ങളുമായി ഒത്തുപോവുകയില്ല.

ഇൻഷുറൻസ് അനുവദനീയമാണെന്ന് പറഞ്ഞ് അതിനെ ന്യായീകരിക്കുന്നവരുമുണ്ട്. അവരുടെ വീക്ഷണത്തിൽ ഇൻഷുറൻസ് മാനവ സമൂഹത്തിന് ഒരു അനുഗ്രഹമാണ്. കാരണം ജീവനിലും സമ്പത്തിലും കച്ചവടത്തിലും വ്യവസായത്തിലും സംഭവിക്കാനിടയുള്ള നഷ്ടങ്ങൾ നികത്തുകയാണ് അത് ചെയ്യുന്നത്. ഇൻഷുറൻസിൽ നിശ്ചിത പോളിസിയും അതിന് മുൻകൂട്ടി കണക്കാക്കിയ നഷ്ടപരിഹാരവുമുള്ള സ്ഥിതിക്ക് അത് പ്രവാചകൻ വിലക്കിയ കൃത്യതയില്ലാത്ത കച്ചവടത്തിന്റെ പട്ടികയിൽ വരികയില്ല എന്നാണ് അവരുടെ വാദം. ഇൻഷുറൻസിലൂടെ ദൈവവിധി തടയുകയോ എതിർക്കുകയോ ചെയ്യുകയാണ് എന്നു പറയുന്നതിനെയും അവർ ഖണ്ഡിക്കുന്നു. കാരണം, അപകടങ്ങൾ സംഭവിക്കില്ല എന്ന് ഇൻഷുറൻസ് കമ്പനികൾ പറയുന്നില്ല. മറിച്ച് സംഭവിക്കാൻ സാധ്യതയുള്ള അപകടങ്ങളിൽ അവർ നഷ്ടപരിഹാരം നൽകുകയാണ്. ഒരാൾക്ക് മരണം സുനിശ്ചിതമാണ്. അതു പോലെ അപകടങ്ങളും സംഭവ്യമാണ്. ആ നിലക്ക് അവയിൽ നിന്ന് നഷ്ടപരിഹാരം ലഭിക്കാൻ എന്തു കൊണ്ട് നമുക്ക് മുൻകൂട്ടി ഇൻഷുർ ചെയ്തുകൂടാ എന്നാണ് അവരുടെ ചോദ്യം.

വാഹനങ്ങളുടെയും ചരക്കുകളുടെയും ഇൻഷുറൻസ് മേൽപറഞ്ഞ നീതീകരണങ്ങളുടെ അടിസ്ഥാനത്തിൽ അനുവദനീയമാണെന്നു പറയാം. ഇത്തരം ഇൻഷുറൻസ് വ്യക്തികളുടെ നഷ്ടഭാരം ലഘൂകരിക്കുന്നതിനു വേണ്ടിയുള്ള ഒരു സാമൂഹിക കൂട്ടായ്മയാണ്. ലളിതമായി നിർവചിക്കുകയാണെങ്കിൽ ഒരു കമ്പനിയിൽ നൂറു ജോലിക്കാർ ഉണ്ടെന്ന് വെക്കുക. അവർക്കെല്ലാം സ്വന്തമായി വാഹനങ്ങളുമുണ്ട്. ഇതിൽ ആരുടെയെങ്കിലും വാഹനം നഷ്ടപ്പെട്ടാൽ അവന് സ്വന്തമായി ഒരെണ്ണം വാങ്ങുക താങ്ങാനാവാത്തതാകും. എന്നാൽ ഒരു വാഹനത്തിന്റെ വിലയുടെ നൂറിലൊരു അംശം കൊടുക്കുന്നത് പ്രയാസകരവുമല്ല. ആരുടെ വാഹനമാണ് നഷ്ടപ്പെടുക എന്ന് പ്രവചിക്കാൻ കഴിയില്ലല്ലോ? ഒരാളുടെ വാഹനം നഷ്ടപ്പെട്ടാൽ ആ വ്യക്തിയെ സംബന്ധിച്ചേടത്തോളം അത് തീരാ നഷ്ടമാവും. അതേ സമയം നൂറ് ആളുകൾക്കും ഇൻഷുറൻസ് തുക പ്രയാസമായി അനുഭവപ്പെടുകയുമില്ല.

ഇത്തരത്തിലുള്ള സാമൂഹിക കൂട്ടായ്മക്ക് പുരാതന അറബികളിൽ മാതൃക കണ്ടെത്താൻ കഴിയും. ഒരു ഗോത്രക്കാരൻ താൻ നടത്തിയ കൊലപാതകത്തിന്റെ ഫലമായി കൊല്ലപ്പെട്ടവന്റെ കുടുംബത്തിന് പ്രായശ്ചിത്തധനം നൽകേണ്ടിവരുന്ന ഘട്ടത്തിൽ, ആ ഗോത്രം അവന് വേണ്ട ധനം നൽകാറുണ്ട്. എന്നാൽ അവർ അതിനു വേണ്ടി മുൻകൂട്ടി ധനസമാഹരണം നടത്തിയിരുന്നോ എന്നറിയില്ല. ഇന്ന് നിലവിലുള്ള ഇൻഷുറൻസുകളിലും ഈ രൂപത്തിലുള്ള രണ്ട് വിഭാഗങ്ങൾ കാണാനാവും. ഒന്ന് വ്യക്തികൾ തന്നെ നിശ്ചിത പ്രീമിയം അടക്കേണ്ടത്. മറ്റൊന്ന് കമ്പനി തന്നെ അതിലെ വ്യക്തികളുടെ പ്രീമിയം അടക്കുന്നത്. അറബികളുടെ ഇടയിലുണ്ടായിരുന്ന ഗോത്ര സംരക്ഷണം കമ്പനി ഇൻഷുറൻസിന് സമാനമാണ്.

പുരാതന ഗ്രീക്ക് സമൂഹത്തിൽ ഇൻഷുറൻസിന് സമാനമായ ചില നാവിക ഇടപാടുകളുണ്ടായിരുന്നു. ഒരു കപ്പൽ വാങ്ങുന്നതിനോ അല്ലെങ്കിൽ അതിൽ ചരക്കുകൾ നിറക്കുന്നതിനോ വേണ്ടി ഏതെങ്കിലും ഏജൻസികൾ പണം മുൻകൂട്ടി കൊടുക്കും. സമുദ്ര യാത്ര ലാഭകരമാണെങ്കിൽ അമിത പലിശയോടെ ആ പണം തിരിച്ചടക്കേണ്ടി വരും. ഇനി കപ്പൽ മുങ്ങി നഷ്ടം സംഭവിക്കുകയാണെങ്കിൽ ലോൺ എടുത്തവൻ ഒന്നും നൽകേണ്ടതുമില്ല. കപ്പൽ മുങ്ങുക എന്നത് അപൂർവമായി സംഭവിക്കുന്നതായതു കൊണ്ടും, ലാഭകരമായ കച്ചവടങ്ങളിൽ നിന്ന് പലിശയായി തിരിച്ചടക്കപ്പെ


## Statement about ownership and other particulars of
## PRABODHANAM WEEKLY

| | | | |
|---|---|---|---|
| 1. | Place of Publication | : | Kozhikode |
| 2. | Periodicity of publication | : | Weekly |
| 3. | Printer's Name | : | K.M. Abdul Ahad |
| | Nationality | : | Indian |
| | Address | : | I.S.T. Building, Silver Hills, Kozhikode- 673 012 |
| 4. | Publisher's Name | : | As in item 3 |
| | Nationality | : | |
| | Address | : | |
| 5. | Editor's Name | : | T.K. Ubaid |
| | Nationality | : | Indian |
| | Address | : | I.S.T. Building, Silver Hills, Kozhikode- 673 012 |
| 6. | Name and Address of individuals who own the newspaper and partners or shareholders holding more than one percent of the total capital | : | Islamic Service Trust Kerala Kozhikode - 673 012 |

I, K.M. Abdul Ahad, hereby declare that the particulars given above are true to the best of my knowledge and belief.

Place: Kozhikode
Date: 08.3.2008

Sd/
Signature of the Publisher

ടുന്ന പണം ഒട്ടും മോശമല്ലാത്തത് കൊണ്ടും അന്നത്തെ ഇൻഷുറൻസ് കമ്പനികൾക്ക് ഇത് ഒരു നല്ല സമ്പാദ്യ മാർഗമായിരുന്നു.

വാഹനങ്ങൾ അവയുടെ കേടുപാടുകൾ തീർക്കുന്നതിന് ഇൻഷുർ ചെയ്യാം എന്നാണ് പ്രസിദ്ധ പണ്ഡിതനായ ശൈഖ് മുഹമ്മദ് അബൂസുഹ്റ പറയുന്നത്. എന്നാൽ ജീവൻ ഇൻഷുർ ചെയ്യുന്നവർ കാലാവധിക്കു മുമ്പ് മരണപ്പെട്ടാൽ യാതൊരു അവകാശവുമില്ലാത്ത അന്യായമായ ധനം കൈപ്പററുന്നത് കൊണ്ടും കാലവധി തീർന്നതിനു ശേഷം അടച്ച മുതലിൽ അധികം വാങ്ങുന്നത് കൊണ്ടും ലൈഫ് ഇൻഷുറൻസ് അനുവദനീയമാകുകയില്ല എന്നും അദ്ദേഹം അഭിപ്രായപ്പെടുന്നുണ്ട്.

ജീവൻ ഇൻഷുർ ചെയ്യുന്ന വ്യക്തിയുടെ നോമിനി നഷ്ടപരിഹാര തുകയിൽ നിന്ന് അദ്ദേഹം മുൻകൂട്ടി അടച്ചതല്ലാതെ അധികമൊന്നും വാങ്ങുന്നില്ലെങ്കിൽ അത് ഇസ്‌ലാമിക നിയമത്തിന് എതിരല്ല എന്ന് ചില പണ്ഡിതർ പറഞ്ഞിട്ടുണ്ട്. എന്നാൽ ജീവൻ ഇൻഷുർ ചെയ്യുന്നവരിൽ മഹാഭൂരിപക്ഷവും തന്റെ മരണശേഷം കുടുംബത്തിന് അല്ലലില്ലാതെ ജീവിക്കാനുള്ള മാർഗമുണ്ടാകണം എന്ന ചിന്തയിൽ പോളിസി എടുക്കുന്നവരാണ്. തന്റെ മരണശേഷം ആശ്രിതർക്ക് ആശ്വാസം ലഭിക്കാൻ ജീവിതകാലത്ത് വളരെ പ്രയാസപ്പെട്ടാണ് പലരും പോളിസികൾ അടക്കാറുള്ളത്. ലൈഫ് ഇൻഷുറൻസിനെക്കുറിച്ച്, 'സുഖമായി ജീവിക്കാൻ വേണ്ടി കഷ്ടപ്പെട്ട് ജീവിക്കുക' എന്ന് പലരും പറയാറുണ്ട്. തന്റെ മരണശേഷം ലഭിക്കാനിടയുള്ള ലക്ഷങ്ങൾ ഏതെങ്കിലും ബാങ്കിൽ സ്ഥിരമായി നിക്ഷേപിച്ച് അതിന്റെ പലിശവരുമാനം കൊണ്ട് ഭാര്യയും കുട്ടികളും ജീവിച്ചു കൊള്ളും എന്നാണ് ഇൻഷുർ ചെയ്യുന്നവൻ കാണക്കു കൂട്ടുന്നത്. ഇസ്‌ലാമിക ദൃഷ്ടിയിൽ ഈ പലിശ തീറ്റിക്കൽ ഒരിക്കലും അനുവദനീയമാവുകയില്ല.

## പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾ

ഇൻഷുറൻസ് ഒരു ആഗോള പ്രതിഭാസമാണെങ്കിലും ഇന്ത്യയെപോലുള്ള ജനാധിപത്യ മതേതര രാജ്യത്തെ സംബന്ധിച്ചേടത്തോളം അതിന് വേറെ ചില മാനങ്ങളുമുണ്ട്. അതുകൊണ്ടു തന്നെ ലഖ്നോവിലെ നദ്‌വത്തുൽ ഉലമാ, ആധുനിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ഒരു കമ്മിറ്റി രൂപവൽക്കരിക്കുകയും ഇൻഷുറൻസ് പഠന വിഷയമാക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ ഒറ്റവാക്കിലുള്ള മറുപടി അസാധ്യമായതു കൊണ്ട് ഇന്ത്യയിലേയും പാകിസ്താനിലേയും പ്രസിദ്ധ പണ്ഡിതന്മാർക്ക് ഒരു ചോദ്യാവലി നൽകുകയും അവരുടെ പ്രതികരണം ആരായുകയുമാണ് അവർ ചെയ്തത്. ആ പണ്ഡിതന്മാർ ഇൻഷുറൻസിനെക്കുറിച്ച് നടത്തിയ അഭിപ്രായ പ്രകടനങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.

◆ ഇൻഷുറൻസ് പലിശയിൽ അധിഷ്ഠിതമാണ്.

◆ അത് ചൂതാട്ടത്തിന് സമാനമാണ്. കാരണം, അതിൽ ചില അനിശ്ചിതാവസ്ഥകളും അമിതമായ വരുമാനം ഒന്നിച്ചു ലഭിക്കുന്ന അവസരങ്ങളുമുണ്ട്.

◆ ഇൻഷുറൻസ് കമ്പനികൾ നിക്ഷേപ തുക പലിശയിലാണോ അതോ വ്യവസായത്തിലാണോ നിക്ഷേപിക്കുന്നത് എന്നു തീർപ്പാക്കണം.

◆ ഇൻഷുറൻസ് കമ്പനികൾ വ്യവസായത്തിലാണ് നിക്ഷേപിക്കുന്നതെങ്കിൽ ഇൻഷുർ ചെയ്യുന്നവനെ ഒരു കച്ചവട പങ്കാളിയായി കാണണം. അങ്ങനെ ആരും പരിഗണിക്കാറില്ല.

◆ ഇൻഷുറൻസിൽ പലിശ മാത്രമല്ല കൈക്കൂലിയുടെ അംശവും കാണാനാവും.

◆ ഏതെങ്കിലും ബാങ്കിലോ പോസ്റ്റ് ഓഫീസിലോ പണം നിക്ഷേപിക്കുന്നതും ഇൻഷുറൻസ് കമ്പനികളിൽ പണം നിക്ഷേപിക്കുന്നതും തമ്മിൽ വലിയ അന്തരമുണ്ട്. കാരണം ബാങ്കിൽ നിക്ഷേപിച്ച ധനം എത്ര ചെറുതാണെങ്കിലും അവരത് കണ്ടുകെട്ടാറില്ല. എന്നാൽ ഇൻഷുറൻസ് കമ്പനികൾ ഒരു നിശ്ചിത പോളിസിയുടെ അടവ് പൂർത്തിയാക്കിയിട്ടില്ലെങ്കിൽ അടച്ചതുക തിരികെ കൊടുക്കുന്നില്ല.

◆ ഇൻഷുറൻസ് രണ്ട് തരമുണ്ട്; ഒന്ന് നിർബന്ധമായും എടുക്കേണ്ടതും മറ്റേത് സ്വയം തെരഞ്ഞെടുക്കാവുന്നതും. ചില കമ്പനികളുടെയും വാഹനങ്ങളുടെയും ഇൻഷുറൻസ് നിർബന്ധിത ഇൻഷൂറൻസുകളാണ്. നിർബന്ധിത സാഹചര്യങ്ങളിൽ ശരീഅത്ത് നിയമങ്ങൾക്ക് ഇളവ് അനുവദിക്കാറുള്ളതു കൊണ്ട് ഇത് തെറ്റല്ലെന്ന് പറയാം.

◆ ഒരു മുസ്‌ലിം തന്റെ മരണശേഷം അനന്തരാവകാശികളുടെ സംരക്ഷണത്തിന് ഉതകും വിധം ഇൻഷുർ കമ്പനികൾ വല്ലതും നൽകും എന്ന് വിചാരിച്ച് അവന്റെ കുടുംബത്തിന്റെ ആശ്രയം അല്ലാഹുവിന് പകരം കമ്പനികളിൽ ഭരമേൽപ്പിക്കുന്നത് അല്പത്തമാണ്. കാരണം ലോക ജനതയുടെ മുഴുവൻ സംരക്ഷകനും പരിപാലകനും അല്ലാഹുവാണ് എന്നാണല്ലോ അവൻ വിശ്വസിക്കുന്നത്.

◆ ഇൻഷുറൻസ് കമ്പനികൾ ബോണസ്സ് എന്ന ഓമനപ്പേരിൽ നൽകു പണം ശുദ്ധ പലിശ തന്നെയാണ്. പോളിസി പൂർണമായും അടക്കുന്നതിന് മുമ്പ് വ്യക്തിയുടെ അന്ത്യം സംഭവിക്കുകയോ ചരക്ക് നശിക്കുകയോ ചെയ്യുന്നതുമൂലം സമ്പൂർണമായും അധികമായും ലഭിക്കുന്ന ഭീമമായ ഇൻഷുറൻസ് തുക ചൂതാട്ടത്തിനു സമാനമാണ്.

◆ ഇൻഷുറൻസിൽ നഷ്ടപരിഹാരമായി ലഭിക്കുന്ന തുക മരണപ്പെട്ട വ്യക്തിയുടെ അനന്തരാവകാശികൾ വിഭജിക്കപ്പെടുകയല്ല മറിച്ച് അത് പൂർണമായും നോമിനിയായി നിർദേശിക്കപ്പെട്ടവനാണ് ലഭിക്കുക. ഇത് ഇസ്‌ലാമിന്റെ അനന്തരാവകാശ നിയമങ്ങൾക്കു വിരുദ്ധമാണ്.

◆ ഇന്ത്യയിലെ ചില പ്രദേശങ്ങളെപ്പോലെ, വർഗീയ കലാപമുണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ ഒരാൾ തന്റെ സമ്പത്ത് ഇൻഷുർ ചെയ്യുന്നത് ചിലപ്പോൾ നിർബന്ധിത സാഹചര്യം എന്ന നിലക്ക് അനുവദനീയമാണ്. എന്നാൽ, നഷ്ടപരിഹാരമായി ലഭിക്കുന്ന പലിശമുതൽ അനുവദനീയമാവുകയില്ല. കലാപങ്ങളിലും മറ്റും നഷ്ടം സംഭവിക്കുന്നവർക്ക് ജീവകാരുണ്യ പ്രവർത്തനം നടത്തുന്നതിന് ഈ പണം വിനിയോഗിക്കാമെന്ന് മാത്രം.

◆ വാഹനങ്ങളും കച്ചവട ചരക്കുകളും ഇൻഷൂർ ചെയ്യുന്നവരുടെ നഷ്ട പരിഹാരം കമ്പനി ചില നിബന്ധനകൾക്കനുസൃതമായി ഏറ്റെടുക്കും എന്നല്ലാതെ അപകടങ്ങൾ ഒന്നും സംഭവിച്ചില്ലെങ്കിൽ ആ പണമോ അതിന്റെ ബോണസ്സോ അവർക്ക് ലഭിക്കാനിടയില്ല. അതു കൊണ്ടുതന്നെ ഇത്തരം ഇൻഷുറൻസുകളിൽ അന്യായമായ ധനം കൈപ്പറ്റാനുള്ള അവസരമില്ല. എന്നാൽ ലൈഫ് ഇൻഷുറൻസിൽ പോളിസി എടുക്കുന്ന ഒരാൾ അടവിന്റെ കാലയളവിനിടയിൽ മരിച്ചാലും അടവ് പൂർത്തിയാക്കി ജീവിച്ചാലും അടച്ചതിനേക്കാൾ അധികം തുക ബോണസ്സായും മറ്റും ലഭ്യമാകാറുണ്ട്. ഇങ്ങനെ ലഭിക്കുന്ന പണം അനുവദനീയമാണ് എന്നു പറയാൻ തെളിവുകളൊന്നുമില്ല. ■

tkyoosuf@gmail.com